LIBRARY ARCHIVES Kerala Legislative Assembly

5. ജി.എച്ച്.എസ്.എസ്. അങ്ങാടി മൊഗർ

നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കായി എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചിരിക്കുന്നു.

6. ജി.എച്ച്.എസ്.എസ്. ബേക്കൂർ, ജി.എച്ച്.എസ്. പൈവളികെ, ജി.വി. എച്ച്. എസ്.എസ്. ഷിരിയ, ജി.വി.എച്ച്.എസ്.എസ്. കുഞ്ചാത്തൂർ എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഈ അദ്ധ്യയനവർഷം 500-ൽക്കൂടുതൽ കുട്ടികളുള്ളതുമായ വിദ്യാലയങ്ങൾക്ക് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ

171(781) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ജി.ഒ. (ആർ.റ്റി) നമ്പർ 5503/2018/ ജി.ഇ.ഡി.എൻ. പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഒരു കോടി രൂപവീതം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിലുൾപ്പെട്ടിരുന്ന ഗവൺമെന്റ് ജി.എച്ച്.എസ്., ധനുവച്ചപുരം എന്ന സ്കൂൾ നവീകരിക്കുന്നതിനുള്ള തുടർനടപടികളിൽനിന്നും ഒഴിവാക്കാനിടയായ സാഹചര്യമെന്താണെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-12-2018-ലെ സ.ഉ. (സാധാ) നമ്പർ 5503/2018/ പൊ.വി.വ. ഉത്തരവിന്റെ അനുബന്ധമായി ചേർത്ത 444 സ്കൂളുകളുടെ വിശദമായ പരിശോധനയിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും ഇതിലെ 5 സ്കൂളുകൾ ഒഴിവാക്കിയപ്പോഴാണ് ഗവൺമെന്റ് ജി.എച്ച്.എസ്. ധനുവച്ചപുരം ഒഴിവാക്കപ്പെട്ടത്.

(ബി) ഉദ്യോഗസ്ഥർക്ക് സംഭവിച്ച സാങ്കേതിക പിഴവുകാരണം പുതുക്കിയ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടതും അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നതുമായ ധനുവച്ചപുരം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിനെ പ്രസ്തുത പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളാമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധന സഹായത്തോടെ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്കൂളുകളുടെ അന്തിമപട്ടിക തയ്യാറാക്കിക്കഴിഞ്ഞതിനാൽ പ്രസ്തുത പട്ടികയിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്. ധനുവച്ചപുരത്തെ ഉൾപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് 17-8-2019-ലെ സ.ഉ. (സാധാ.) നമ്പർ 3302/2019/പൊ.വി.വ. പ്രകാരം 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്. മൈലച്ചൽ സ്കൂളിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചു. ഗവൺമെന്റ് എച്ച്.എസ്.എസ്. കീഴാറ്റൂർ സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്. ആനാവൂർ, എം.കെ.എൻ.ജി.എച്ച്.എസ്.എസ്. ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി

172(782) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എതെല്ലാം സ്കൂളുകളിലാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ധന സഹായത്തോടെ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളിലാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നത്.